**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**19 JULY 2019**
**16 DHUL-QADDAH 1440 AH**

# DAWAT-I-ALLAH – INVITATION TO ALLAH (PART 2)
# അല്ലാഹുവിലേക്കുള്ള ക്ഷണം (ഭാഗം2)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിലേക്കുള്ള ക്ഷണം** എന്ന വിഷയത്തെ ആസ്പദമാക്കി (രണ്ടാം ഭാഗം) വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

മൗറിഷ്യസിൽ വെച്ച് നടത്തുന്ന മൂന്നാമത് ഇൻഡ്യൻ ഓഷിയൻ ഐലന്റ് ഗയിംസിന്റെ വാർത്ത അറിയിച്ചു കൊണ്ടാണ് ഹസ്രത് ഖലീഫത്തുല്ലാഹ് തന്റെ വെള്ളിയാഴ്ച ഖുത്തുബ ആരംഭിച്ചത്. 2019ജൂലൈ 19 വെള്ളിയാഴ്ച പ്രസ്തുത ഗയിംസിന്റെ ഔദ്യോഗിക തുടക്കം കുറിയ്ക്കുകയാണ്. മൗറിഷ്യസിന്റെ പരിസര ദ്വീപുകളിലുള്ള എല്ലാ അത്‌ലറ്റസ്കളെയും ഹസ്രത് ഖലീഫത്തുല്ലാഹ് മൗറിഷ്യസിലേക്ക് സ്വാഗതം ചെയ്യുകയുണ്ടായി. വിവിധ സ്പോർട്ടസ് ഗെയിമുകളിൽ പങ്കെടുക്കുന്ന മൗറിഷ്യസിലെ എല്ലാ അത്‌ലറ്റുകളെയും ഹുസൂർ പ്രോത്സാഹിപ്പിക്കുകയും, അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തു. മൗറിഷ്യസിലെയും ഇതരദ്വീപുകളിലെയും അത്‌ലറ്റുകളെ പ്രോത്സാഹിപ്പിക്കുന്ന മൗറിഷ്യസ് ഗവൺമെന്റ് നടപടിയെ പ്രശംസിക്കുകയും അത്‌ലറ്റുകൾക്കായി ഏറ്റവും നല്ല സൗകര്യങ്ങൾ ഒരുക്കികൊടുക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു. മൗറിഷ്യസിലെയും ഇതരദ്വീപുകളിലെയും അത്‌ലറ്റുകളെ പ്രോത്സാഹിപ്പിക്കുന്ന മൗറിഷ്യസ് ഗവൺമെന്റ് നടപടിയെ പ്രസംശിക്കുകയും അത്‌ലറ്റുകൾക്കായി ഏറ്റവും നല്ല സൗകര്യങ്ങൾ ഒരുക്കികൊടുക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു. മൗറിഷ്യസ് കാണിച്ച

സ്നേഹവും സേവനവും അവരുടെ ഓർമ്മകളിൽ എന്നും നിറഞ്ഞു നില്കത്തക്കവണ്ണം ആയിരിക്കുവാനും ഉപദേശിക്കുകയുണ്ടായി. ഭാവി അത്‌ലറ്റുകൾക്കായി ഒരു സ്പോർട്ട്സ് സിറ്റി, ഗവർണമെന്റിന്റെ ഭാവനയിലുണ്ട് എന്ന വിവരവും അതിനായി വേണ്ടത് ചെയ്യുന്നതാണ് എന്നും ഹുസൂർ വെളിപ്പെടുത്തുകയുണ്ടായി. അത് ഗവൺമെന്റ് ഇപ്പോൾ തന്നെ അംഗീകരിച്ചിട്ടുണ്ട്. ജനങ്ങളെ, ഹുസൂർ, അവർ സ്വയം തന്നെ സ്പോർട്ട്സ് ലേക്ക് ശ്രദ്ധ തിരിക്കുവാൻ അഭ്യർത്ഥിക്കുകയുണ്ടായി, അത് അവരുടെ ആരോഗ്യത്തിന് കാര്യമായ പങ്കുവഹിക്കുന്നതാണ് എന്നും ഓർമ്മിപ്പിക്കുകയുണ്ടായി.

ഹുസൂർ(അ)വീണ്ടും തുടർന്നുപറയുകയുണ്ടായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഞാൻ എല്ലാ ഓരോരുത്തരെയും ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. മൗറിഷ്യസ് ദ്വീപിന്റെ ചുറ്റുമുള്ള ദ്വീപുകളുമായി എനിക്ക് അഭേദ്യമായ ഒരു ഹൃദയ ബന്ധമുണ്ട്. കാരണം അദ്ദേഹം അവിടെ എല്ലാം ദഅ്വ ചെയ്യുകയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ അത്‌ലറ്റുകൾക്കും അദ്ദേഹം ആശംസകൾ നേർന്നു. നന്മയും, നീതിയും, സാഹോദര്യവും, സൗഹൃദവും നീണാൾ വാഴട്ടെ, എല്ലാ ശത്രുതയും അവസാനിക്കട്ടെ. അദ്ദേഹം ഉപദേശിക്കുകയുണ്ടായി. നിയമങ്ങൾ പാലിച്ചുകൊണ്ടു കളികളിൽ പങ്കെടുക്കുന്ന സ്വഭാവവും, നല്ല കളിയും കാഴ്ചവയ്ക്കുവാൻ ഓരോരുത്തരും തങ്ങളുടെ കഴിവിന്റെ പരമാവധി പരിശ്രമിക്കുവാനും അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി.

## THE OBLIGATIONS OF A DAI-I-ALLAH & THE MEMBERS OF THE JAMAAT UL SAHIH AL ISLAM.

## ദാഈ ഇലല്ലാഹ് യുടെയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളുടെയും കടമകൾ

ജമാഅത്തിന്റെ മുൻപാകെ ഒരു വിഭാഗം ആളുകളുണ്ട്. അവർ സ്വയം സന്നദ്ധരായി നിലകൊള്ളുന്നു. അവർ അല്ലാഹുവിലേക്കുള്ള ക്ഷണം നടത്തുന്നു, മറ്റൊരു സംഘം ആളുകളുണ്ട്. അവർക്ക് കുറച്ചു സമയം മാത്രമെ ഇതിനായി സമർപ്പിക്കുവാൻ കഴിയുന്നുള്ളു, ഇനി മറ്റൊരു വിഭാഗമുണ്ട്, അവർ ഇക്കാര്യത്തിൽ സാമ്പത്തിക സഹായം അല്ലാഹുവിന്റെ മുമ്പിൽ നല്കുവാനേ കഴിയുന്നുള്ളു. തീർച്ചയായും പ്രസ്തുത ധനം വളരെ

യധികം കഷ്ടപ്പെട്ടിട്ടായിരിക്കും അവർ നേടിയത്-ഈ രീതിയിൽ അവർ ചെയ്യുന്നതിലൂടെ അവർ വിചാരിക്കുന്നു. അവർ ദാഇൗ ഇലല്ലാഹ് എന്ന അവരുടെ വാദം സത്യമായി തെളിയിച്ചിരിക്കുന്നു. എന്നാൽ അല്ലാഹു(ത)പറയുന്നു. നിങ്ങളുടെ സ്വന്തം നഫ്സുകൾ കൊണ്ട് തന്നെ മുന്നോട്ട് വന്ന് ചെയ്യൽ അനിവാര്യമാണ്.

മറ്റൊരുവാക്കിൽ പറഞ്ഞാൽ, നിങ്ങളെ തന്നെയാണ് സമർപ്പിക്കേണ്ടത് മറ്റൊന്നു കൊണ്ടുമല്ല. അതുകൊണ്ടാണ്, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ ധനം കൊണ്ടു ത്യാഗം ചെയ്യുന്ന ഓരോ അംഗവും, അവർക്ക് സമയം ത്യാഗം ചെയ്യുവാൻ കഴിയുന്നില്ല, വിശുദ്ധഖുർആൻ നമ്മെ പഠിപ്പിച്ച പ്രകാരം, എങ്കിൽ, അവൻ സ്വീകരിച്ചിരിക്കുന്നത് ഒരു വികലമായ മതത്തെയാണ് എന്ന് പറയേണ്ടി വരും, ഒന്നുകൂടി തെളിച്ചുപറഞ്ഞാൽ അവൻ ഒരു കാലില്ലാത്തവനെപോലെയാണ്. അവൻ വികലാംഗനാണ്. ഒരുവൻ അല്ലാഹുവിന്റെ വഴിയിൽ ധനം ചെലവഴിക്കുന്നത് നിശ്ചയമായും അഭിനന്ദനീയമായ കാര്യം തന്നെയാണ്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. എന്നാൽ പ്രസ്തുത പ്രവർത്തി പൂർണ്ണമല്ല. ഇത് നിങ്ങൾ ഒരു കാലുകൊണ്ട് നടക്കുന്നതുപോലെയാണ്. നിങ്ങളുടെ രണ്ടു കാലുകൊണ്ട് നിങ്ങൾ നടക്കുമ്പോൾ, നിങ്ങൾക്ക് മൊത്തത്തിൽ ഒരു സുഖം ലഭ്യമാണ്. അല്ലാഹുവിലേക്കുള്ള ക്ഷണം കൊണ്ട് അതു നിങ്ങൾ നിശ്ചയമായും പൂർത്തിയാക്കേണ്ടതാണ്.

ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ കാലത്തും ഹസ്രത് മസീഹ് മൗഊദ് മിർസാഗുലാം അഹ്മദ് (അ)ന്റെ കാലത്തും ഇസ്ലാമിന്റെ ആളുകൾ അല്ലാഹുവിലേക്കുള്ള ക്ഷണം നടത്തിയതു വളരെയധിക സ്നേഹത്തോടെയും ആഗ്രഹത്തോടെയുമായിരുന്നു.

ആദ്യകാല മുസ്ലിംകൾ ചെയ്തതുപോലെയും ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ചെയ്തതുപോലെയും വളരെയധികം സ്നേഹത്തോടെയും ആത്മാർത്ഥയോടെയും ആയിരിക്കണം നാമും അല്ലാഹുവിലേക്കുള്ള ക്ഷണം നടത്തേണ്ടത്. അവർ ഏത് പദവിലെത്തിയാലും അവരുടെ വിശ്വാസം കോൺക്രീറ്റ് പോലെ ഉറച്ചതായിരുന്നു. അവനൊരു ബുദ്ധിജീവി ആയാലും ശരി, അഥവാ ബുദ്ധിജീവി അല്ലാത്തവനായാലും ശരി, അഥവാ മറ്റേതു ജോലി ചെയ്യുന്നവരായാലും ശരി, അവർ മുൻഗണന കൊടുത്തിരുന്നത്, അല്ലാഹുവിലേക്കുള്ള ക്ഷണത്തിനാണ്; അവരുടെ ആത്മീയ

ജോലികൾക്ക് ശേഷമാണ് അവർ ഭൗതിക ജോലികൾക്ക് സ്ഥാനം കൊടുത്തിരുന്നത്. അല്ലാഹുവിലേക്കുള്ള ക്ഷണത്തിന്നാണ് അവരുടെ ഭൗതികജോലികളെക്കാളും മുൻഗണന കൊടുത്തത്. മറ്റെല്ലാ ഭൗതിക ജോലികൾക്കും ഉപരിയായി, അവർ ആത്മീയ പ്രവർത്തനങ്ങൾക്ക് മുൻഗണന നല്കി. അല്ലാഹുവിന്റെ സ്നേഹം ലഭിക്കുവാനായി അവരോരുത്തരും ദാഈ ഇലല്ലാഹ് മാരാകാൻ കൊതിച്ചു. ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതായിരുന്നു അവരുടെ പ്രധാനജോലി! അതുകൊണ്ട്, ഇന്ന്, ഈ നൂറ്റാണ്ടിലും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും ദഅ്വത്തുല്ലാഹ് ജോലിക്കു മറ്റെല്ലാ ജോലിക്കും ഉപരിയായി സ്ഥാനം നല്കേണ്ടതാണ്.

## EACH OF YOU ARE A DAI-I-ALLAH.

**നിങ്ങളോരോരുത്തരും ഓരോ ദാഈ ഇലല്ലാഹ് മാരാകുന്നു.**

ജമാഅത്തിലെ എല്ലാ അംഗങ്ങളുടെയും ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്, നിങ്ങൾ മുഴുലോകത്തിലെയും ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുക; അനന്തനായ ദൈവത്തിലേക്ക്! ദഅ്വ്ത്തുല്ലാഹ് എന്ന് പറയുന്നതിന്റെ ചുരുക്കം ഇതാകുന്നു. ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുക, ഖലീഫത്തുല്ലാഹ്യിലേക്കല്ല! (ഇന്ന് ജനങ്ങൾ, ജനങ്ങളെ വിളിക്കുന്നു മറ്റ് ചില ജനങ്ങളിലേക്ക് വിളിക്കുന്ന കാഴ്ച വളരെ ദയനീയം തന്നെ. ഇന്നിപ്പോൾ എല്ലായിടത്തും ദർഗ്ഗകളാണ്. സ്ത്രീകളെ പള്ളികളിൽ പ്രവേശിക്കുന്നതിൽ നിന്നും തടയപ്പെട്ടിരിക്കുന്നു. എന്നാൽ അവർ, മരണപ്പെട്ട പീർമാരോട് പ്രാർത്ഥിക്കുവാൻ അനുവദിക്കപ്പെട്ടിരിക്കുന്നു. പള്ളിയിൽ അല്ലാഹുവിനെ ആരാധിക്കുന്നതിനെ പാടെ ഉപേക്ഷിച്ചിരിക്കുന്നു. എന്നിട്ട് മരണപ്പെട്ട അസ്തിത്വങ്ങളോട് പ്രാർത്ഥിക്കുന്നു. ഇത് സമ്പൂർണ്ണമായും ശിർക്കാകുന്നു. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ ഈ രീതിയിലുള്ള ശിർക്ക് ഉണ്ടാകുന്നതിനെ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ ദൗത്യം ജനങ്ങളെ അല്ലാഹുവിലേക്ക് കൊണ്ടു വരുക എന്നതാണ്, എന്നിലേക്കല്ല, എന്റെ അനുചരന്മാരും ഇതു തന്നെ ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദഅ്വ ജോലിയിൽ ഉൾക്കൊണ്ടിരിക്കുന്നത്, ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ച്, ജനങ്ങൾക്ക് മനസ്സിലാക്കികൊടുക്കുക എന്നതാണ്. എന്നിട്ട് അല്ലാഹുവിനോട് മാത്രം

പ്രാർത്ഥിക്കുക. അല്ലാഹുവിന്റെ യഥാർത്ഥ മതം അറിയുന്നതിന് അവനോട് തന്നെ പ്രാർത്ഥിക്കുക.

അല്ലയോ! ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ സേവകന്മാരെ! ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യുടെ മതത്തിന്റെ സ്നേഹഭാജനങ്ങളെ, ഇന്ന് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതൊക്കെ ഉപേക്ഷിക്കുക. (അല്ലാഹുവിന്റെ വഴിയിൽ) നിങ്ങൾ ചെയ്യേണ്ടുന്ന ജോലികളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും ആഴത്തിൽ ചിന്തിക്കുക. നിങ്ങളിൽ ഓരോരുത്തരും ദാഇഊ ഇലല്ലാഹ് (ദൈവത്തിലേക്ക് ക്ഷണിക്കുന്നവൻ) മാരാകന്നു. (ഒരുദിനം)നിങ്ങൾ എല്ലാവരും അല്ലാഹുവിന്റെ മുൻപിൽ കണക്ക് ബോധിപ്പിക്കേണ്ടതായി വരും. നിങ്ങളുടെ ജോലി എന്തായിരുന്നു എന്ന് പരിഗണിക്കാതെ, നിങ്ങൾ എന്ത് ജോലി ഏറ്റെടുത്തു ചെയ്തുകൊണ്ടിരുന്നു എന്ന് കൂട്ടാക്കാതെ, നിങ്ങൾ ഏത് കോണിലായിരുന്നാലും ശരി, ഏതു ആളുകളോടൊപ്പം, ഏതുമതത്തിന്റെ ശാഖ എന്ന് പരിഗണിക്കാതെ, നിങ്ങളുടെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം ലോകത്തെ അല്ലാഹുവിലേക്ക് ക്ഷണിക്കുക എന്നതായിരുന്നു. ഹസ്രത് മുഹമ്മദ് (സ)യുടെ ദീനിലേക്ക് ക്ഷണിക്കുക എന്നതായിരുന്നു. അതായത് നിങ്ങൾ അന്ധകാരത്തെ മാറ്റി വെളിച്ചം സ്ഥാപിക്കേണ്ടതായിരുന്നു. ആത്മീയ മരണം സംഭവിച്ച പ്രസ്തുത ആളുകളെ നിങ്ങൾ നവീകരിക്കേണ്ടതായിരുന്നു. നിങ്ങൾ വളരെയധികം പ്രയത്നം ഈ മാർഗത്തിൽ ചെയ്യേണ്ടതായിരുന്നു. അങ്ങനെ ആയിരുന്നുവെങ്കിൽ ഈ കാര്യത്തിൽ നിങ്ങൾക്ക് വിജയിക്കാമായിരുന്നു. (അതായത് ആത്മീയമായി മരണപ്പെട്ടവരെ നിങ്ങൾക്ക് ജീവിപ്പിക്കാമായിരുന്നു) ഇതിനായി നിങ്ങൾ വളരെയധികം ശ്രമിക്കേണ്ടതാണ്. വളരെയധികം പ്രാർത്ഥിക്കേണ്ടതാണ്. ആവശ്യമായ പ്രയത്നങ്ങളും പ്രാർത്ഥനകളും നിങ്ങൾ നടത്തുമ്പോൾ,അല്ലാഹു(ത) നിങ്ങളെ സഹായിക്കുവാനായി വരുന്നതാണ്. ആത്മീയമായി മരണപ്പെട്ടവരെ പുനരുത്ഥരിക്കുവാൻ നിങ്ങളെ അവൻ പ്രാപ്തരാക്കുന്നതാണ്. ഈ ജോലി ഖിയാമത്തു നാൾവരേയ്ക്കും തുടരേണ്ടതാണ്. അല്ലാഹു(ത) നിങ്ങളുടെ പ്രവർത്തനങ്ങളെ ഒരിക്കലും പാഴാക്കിക്കളയുകയില്ല. (നിങ്ങൾ വിഷമിക്കേണ്ട! നിങ്ങളുടെ കഠിനപ്രയത്നങ്ങൾക്ക് ശേഷം,

ജനങ്ങളെ സത്യത്തിലേക്ക് കൊണ്ടുവരികയും, അതായതു ദൈവീക പാതയിലേക്ക് കൊണ്ടുവരികയും, ദൈവീക ദൃഷ്ട ന്തത്തിലേക്ക് കൊണ്ടു വരുകയും ചെയ്തശേഷം അവർ അവ രുടേതായ നിലയിൽ ഉപേക്ഷിച്ചു പോവുകയാണെങ്കിൽ! നിങ്ങൾ വിഷമിക്കേണ്ട്! ഒരാളോ, രണ്ടുപേരോ അല്ലെങ്കിൽ മൂന്നോ അതിൽ കൂടുതലോ ആളുകൾ, നിങ്ങളുടെ കഠിന പ്രയത്നത്തിനു ശേഷം, ദൈവീക ദൃഷ്ടാന്തം മധ്യത്തിൽ, നിന്നും അവർ അതിനെ ഉപേക്ഷിച്ചു പോവുകയാണെങ്കിൽ അല്ലാഹുവിന്റെ പാശത്തെ മുറികെ പിടിക്കുന്നതിനു പകരം, അല്ലാഹുവിൽ നിന്നു വരുന്ന സത്യത്തെ ഏറ്റുവാങ്ങുന്നതിന് പകരം അവർ ഇബ്‌ലീസിന്റെ / സാത്താന്റെ പിടിയിലമരുക യാണെങ്കിൽ, നിങ്ങൾ വിഷമിക്കേണ്ട യാതൊരു കാര്യവുമി ല്ല. ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തിന്റെ സത്യത അവരെ ബോധ്യപ്പെടുത്തുവാനായി, നിങ്ങൾ വളരെയധികം പരിശ്രമിച്ചു എന്ന് അല്ലാഹു(ത)യ്ക്ക് നല്ലതുപോലെ അറിയാം. ഇനി അവർ പിന്തിരിഞ്ഞു പോവുകയാണെങ്കിൽ നിങ്ങൾ അവ രുടെ കണക്ക് ബോധിപ്പിക്കേണ്ടി വരില്ല. അവരുടെ അവി ശ്വാസത്തിന്റെ കണക്ക് അവർ ബോധിപ്പിക്കേണ്ടി വരും. (അ വർ വിശ്വസിച്ചതിനു ശേഷമുള്ള) നിങ്ങൾ അറിയുക! അല്ലാഹു (ത)യ്ക്ക് മനുഷ്യഹൃദയങ്ങൾ നല്ലതുപോലെ അറിയാം ഈ ആളു കൾ കപട വിശ്വാസികളായിരിക്കാം. ഇവർ ജമാഅത്തിന് വള രെയധികം പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം. അല്ലാഹു(ത) യഥാർത്ഥ വിശ്വാസികളുടെ ഇടയിൽ നിന്ന് ഇവരെ വേർതിരിച്ചതായി രിക്കാം. നിങ്ങൾ ഇതൊന്നും കണ്ട് അധൈര്യപ്പെടരുത്. നിങ്ങൾക്ക് അല്ലാഹുവിന്റെ പക്കൽ നിന്നുള്ള പ്രതിഫലം അതി മഹത്തരം ആയിരിക്കും)

അല്ലാഹു(ത) നിങ്ങളുടെ പ്രവർത്തനങ്ങളെ ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല. ഈ മഹത്തായ ജോലിക്ക് (ദഅ്‌വത്തു ല്ലാഹ്) വളരെ വലിയ പ്രതിഫലങ്ങളുണ്ട്. അത് ഈ ലോകത്തും ലഭിക്കുന്നതാണ്, നാളെ പരലോകത്തും ലഭിക്കുന്നതാണ്. ഇൻശാ അല്ലാഹ്

## EACH MEMBER OF THE JAMAAT UL SAHIH AL ISLAM WITHOUT EXCEPTION MUST BECOME A DAI-I-ALLAH.

## ജമാഅത്തിസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും ഒന്നൊഴിയാതെ നിശ്ചയമായും ദാഇഈ അല്ലാഹ് (അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവൻ) ആയിത്തീരേണ്ടതാണ്

സമയം വളരെ കൂടുതൽ കഴിഞ്ഞുപോയിരിക്കുന്നു. എണ്ണിനോക്കിയാൽ വളരെ കുറച്ച് ദാഇഈ ഇലല്ലാഹ് മാരാണ് ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിച്ചുകൊണ്ടു വന്നിട്ടുള്ളത്. ഇപ്പോൾ ഇതാ കുട്ടികളെയും ദാഇഈ ഇലല്ലാഹ് മാരാക്കേണ്ട സമയം ആയിരിക്കുന്നു. (ഞാനിതു പറയുമ്പോൾ, തീരെ ചെറിയ പാൽകുടിക്കുന്ന കുട്ടികളെയും 10 വയസ്സിന് താഴെയുള്ള കുട്ടികളെയും ഉദ്ദേശിച്ചിട്ടില്ല) പത്തു വയസ്സും അതിൽ കൂടുതലുമുള്ള കുട്ടികളെയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്) അല്ലാഹു(ത)യും അവന്റെ ദൂതനും 7 വയസ്സു മുതലുള്ള കുട്ടികൾ പ്രാർത്ഥന (സലാത്ത്) ആരംഭിക്കണമെന്ന് പറയുന്നതിൽ ഒരു യുക്തിയുണ്ട്, ഇനി അവർ 10 വയസ്സ് എത്തിയാൽ അവർ പ്രാർത്ഥിക്കുന്നില്ലെങ്കിൽ, നമസ്ക്കരിക്കുന്നില്ലെങ്കിൽ, അപ്പോൾ അവരുടെ സാധനങ്ങൾ പ്രത്യേകമായി മാറ്റേണ്ടതാണ്. തങ്ങളുടെ രക്ഷിതാക്കളിൽ നിന്ന് ഇതിൽ വളരെയധികം ബുദ്ധിവൈഭവം അടങ്ങിക്കിടക്കുന്നുണ്ട്. പ്രാർത്ഥന ചെയ്യുന്നതുപോലെ ചെറുപ്പത്തിലെ തന്നെ ദഅ്വത്തുല്ലാഹ് യുടെ ലോകത്തിലേക്ക് ഒരു കുട്ടി (ചെറുപ്പത്തിലെ തന്നെ) അതിന് തുടക്കം കുറിക്കേണ്ടതാണ്. (ഈ വിനീതൻ 7-8 വയസ്സ് പ്രായമുള്ളപ്പോൾ മുതൽ തന്നെ ഇസ്ലാമിക് സാഹിത്യം വിതരണം ചെയ്യുന്നതിനും, തബ്ലീഗ് പ്രവർത്തനങ്ങൾക്കും ആരംഭം കുറിക്കുകയുണ്ടായി) ദഅ്വത്തുല്ലാഹ് യുടെ ആവശ്യകത അവന്റെ സത്തയിൽ മുഴുവൻ ആഗികരണം ചെയ്യേണ്ടത് ആവശ്യമാണ് അവൻ വളരുന്നതിനുസരിച്ച് അവനിലെ ദഅ്വത്തുല്ലാഹ്യും വളർന്നു കൊണ്ടിരിക്കണം. ഇങ്ങനെ സംഭവിച്ചാൽ, ഈ കുട്ടി-മനുഷ്യൻ ദഅ്വത്തുല്ലാഹ് ചെയ്യാതെ അവന് ഇരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ, 10 വയസ്സുപ്രായമുള്ള കുട്ടികൾ മുതൽ തന്നെ അവനൊരു നല്ല ദാഇഈ ഇലല്ലാഹ് ആയി തീരുവാനുള്ള ശിക്ഷണം അവന് നല്കേണ്ടതാണ്. പ്രായം ചെന്നവർക്കും, സുഖമില്ലതായ

വർക്കും, കിടക്കയിലാവർക്കും ഈ അനുഗ്രഹീതമായ കാര്യത്തിൽ ഭാഗവാക്കാകാവുന്നതാണ്. ദഅ്വത്തുല്ലാഹ് ചെയ്താൽ അവർ ശാരീരിക ക്ഷമത ഇല്ലാത്തവരാണെങ്കിൽ, അവരീ അനുഗ്രഹീതമായ യുദ്ധത്തിൽ പോരാട്ടത്തിൽ ദുആയിലൂടെ പങ്കുചേരേണ്ടതാണ്.

## PARENTS SHOULD HAVE THE DESIRE TO BEGET SPIRITUAL CHILDREN

## ആത്മീയ സുതന്മാർ ജന്മമെടുക്കുവാനായി രക്ഷകർത്താക്കൾ ആഗ്രഹിക്കേണ്ടതാണ്

ജമാഅത്തിലെ ഓരോ ദമ്പതികളും, അല്ലെങ്കിൽ ഓരോ രക്ഷിതാവും ദഅ്വത്തുല്ലാഹ് ചെയ്യേണ്ടതിന്റെ പ്രാധാന്യവും ഉത്തരവാദിത്വവും നിശ്ചയമായും മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഈ പ്രവർത്തി ചെയ്യുവാൻ വളരെയധികം ദുആ ചെയ്യേണ്ടതായിട്ടുണ്ട്. അതിലൂടെ മാത്രമെ അതവർക്ക് പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളു. അങ്ങനെ ആയാൽ അവർക്ക് അവൻ ആത്മീയ സുതന്മാരെ നല്കുന്നതാണ്. അവർ ഇസ്ലാമുമായി, ആത്മീയതുമായി ആഴത്തിൽ ബന്ധമുള്ളവരായിരിക്കും. ഇപ്പോൾ മക്കളില്ലാത്ത ദമ്പതിമാർ, അവർ അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ടതാണ്, അത്തരം സന്താനങ്ങളെ നല്കുവാനായി! അവരിലൂടെ ദഅ്വത്തുല്ലാഹ് നടത്തുവാൻ സാധിക്കുമല്ലോ അങ്ങേഅറ്റത്തെ ഭക്തിയോടെയും ആത്മാർത്ഥതയോടെയും പ്രാർത്ഥിക്കുക. അത്തരം സന്താനങ്ങളെ അനുഗ്രഹമായി ലഭിക്കുവാനായി, തീർച്ചയായും നിങ്ങൾക്ക് അത്ഭുതകരമായ നിലയിൽ അത് ലഭിക്കുന്നതാണ്. എന്നാൽ നിങ്ങളുടെ ദുആയിൽ ഇത്തരം സ്നേഹവായ്പും പ്രതീക്ഷയും ഇല്ലെങ്കിൽ തന്നെയും നിങ്ങൾക്കൊരു സന്താനം ലഭിക്കും/ അല്ലാഹു(ത)നല്കും എന്നാൽ നിങ്ങൾ അവനെ ദഅ്വത്തുല്ലാഹ് യ്ക്ക് കൂടുതൽ സമയം ചെലവഴിക്കുവാനായി അവളെ/അവനെ നിങ്ങൾ കണ്ടെത്തുകയില്ല. അപ്പോൾ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് അവന്റെ മുൻപിൽ അത്രയും സ്വാധീനമുണ്ടായിരിക്കില്ല. നിങ്ങൾക്ക് അല്ലാഹു(ത) എപ്പോഴെങ്കിലും ഒരു സന്താനത്തെ നല്കുകയാണെങ്കിൽ, നിങ്ങൾക്ക് ഭാവിയിൽ ഒരു പരീക്ഷണമായിരിക്കും. (മനസ്സിലാക്കിയിരിക്കുക, ജമാഅത്തുസ്സഹീഹിൽ ഇസ്ലാ

മിൽ വഖ്ഫേ നൗ തുടങ്ങിയവ പോലുള്ള പദ്ധതികളൊന്നുമില്ല)) പുതുതായി ജനിക്കുന്ന കുട്ടികളെ ജമാഅത്തു ജോലികൾക്കായി സമർപ്പിക്കുന്ന ഏർപ്പാടുമില്ല! രക്ഷിതാക്കൾ അവരവർ തന്നെ അവരവരുടെ മക്കളെ അല്ലാഹുവിന്റെ സ്നേഹഭാജനങ്ങളാക്കി മാറ്റുവാൻ ശ്രമിക്കേണ്ടതാണ്. അങ്ങനെ അവരെ ദഅ്വത്തു ല്ലാഹ് ജോലിക്ക് ഇഷ്ടമുള്ളവരാക്കുകയും പ്രാപ്തരാക്കുകയും ചെയ്യേണ്ടതാണ്)

## EACH MEMBER OF THE JAMAAT MUST PARTICIPATE IN THE WORKS OF DAWATI-ALLAH.

## ജമാഅത്തിലെ ഓരോ അംഗവും ദഅ്വത്തുല്ലാഹ് ജോലികളിൽ പങ്കാളികളാവുക

നമ്മുടെ ജമാഅത്തിലെ അനേകം അംഗങ്ങൾ/ഒഫിഷ്യൽസ് വിവിധ രാജ്യങ്ങളിൽ നിന്നുള്ള അവരുടെ തബ്ലീഗ് റിപ്പോർട്ടു കൾ അയച്ചുകൊണ്ടിരിക്കുന്നു. അവർ റിപ്പോർട്ടുകൾ അയയ്ക്കു ന്നു. നിങ്ങൾ കരുതുന്നു. എല്ലാം നേരെയാണെന്ന്! വിഷമി ക്കേണ്ട കാര്യം ഒന്നും തന്നെയില്ല-എന്നാൽ കാര്യങ്ങൾ ആഴ ത്തിൽ അന്വേഷിക്കുമ്പോൾ, ഞാൻ പറയേണ്ടതായിട്ടുണ്ട്. കുറെ ഊർജ്ജസ്വലരായ അംഗങ്ങളുണ്ട്. അവർ വളരെയധികം സമയം തബ്ലീഗ് രംഗത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ വളരെ കുറച്ചു പേർ മാത്രമെ തബ്ലീഗ് /ദഅ്വ ചെയ്യു ന്നുള്ളു എന്ന് വെളിവാക്കപ്പെട്ടിരിക്കുന്നു.

ആയതിനാൽ ഞാൻ ഈ ജമാഅത്തുകളോട് പറയുന്നു. (വിവിധ രാജ്യങ്ങളിലെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങ ളോട്) നിങ്ങൾക്ക് എന്നിൽ നിന്നും ഇതേ വിഷയത്തിൽ ഒരു കാര്യവും മറച്ചുവെയ്ക്കുവാൻ സാധിക്കുകയില്ല. എല്ലാ ജമാഅ ത്തുകളും തബ്ലീഗ് ചെയ്യുന്നുണ്ട് എന്ന നിലയിൽ പറയു വാനും കഴിയില്ല. വിവിധ രാജ്യങ്ങളിൽ ഞാൻ സന്ദർശിക്കുമ്പോൾ ഞാൻ ഈ ആളുകളെ കണ്ടു മുട്ടുന്നു. അപ്പോൾ അല്ലാഹു(ത) എനിക്ക് കാണിച്ചു തരുന്നു ദഅ്വത്തുല്ലാഹ് യഥാർത്ഥമായി ആരാണ് ചെയ്യുന്നതെന്ന് (എനിക്ക് കാണിച്ചു തരുന്നു) ആരാണ് ഒന്നും ചെയ്യാത്തതെന്നും എനിക്ക് കാണിച്ചു തരുന്നു. എന്നാൽ റിപ്പോർട്ട് വരുമ്പോൾ, എന്നെ വിഡ്ഢിയാക്കുവാൻ അവർ ശ്രമി ക്കുന്നു, രാജ്യത്തെ എല്ലാ ജമാഅത്തുകളിലും (അതാതു രാജ്യ

ങ്ങളിൽ) തബ്‌ലീഗ് നടന്നുകൊണ്ടിരിക്കുന്നു എന്ന്, ഇത് ശരിയായ റിപ്പോർട്ടല്ലാ. വളരെ കുറച്ചു പേർമാത്രമാണ് ഈ കഠിന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത്. അവരുടെ പ്രയത്നത്തിന്റെ ഫലമാണ് മുഴുവൻ ജമാഅത്തിനും പ്രയോജനകരമായി തീരുന്നത്. എന്നാൽ ഈ ആളുകൾ അഭിനയിക്കുകയാണ്. മുഴുവൻ ജമാഅത്തിന്റെയും സഹകരണം കൊണ്ടാണ് ഈ നേട്ടമുണ്ടായതെന്ന്! ഇവർ കള്ളം തന്നെയാണ് പറയുന്നത്.

ആയതിനാൽ, അമീർമാരും തബ്‌ലീഗ് സെക്രട്ടറിമാരും ജമാഅത്തിലെ ഓരോ അംഗത്തേയും പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ദഅ്‌വത്തുല്ലാഹ് ജോലികളിൽ പങ്കാളികളാക്കുകയും ചെയ്യേണ്ടതാണ്. ഇത് വളരെ പ്രധാനപ്പെട്ട ഒരു ജോലി ആകുന്നു. ഭാവിയിൽ നാം ഇതിന്റെ ഫലങ്ങൾ എടുക്കുന്നതാണ്. ഇതിന്റെ നേരിട്ടുള്ള ഫലം ഭാവിയിൽ നമുക്ക് കാണുവാൻ കഴിയുന്നതാണ്. നിങ്ങൾ ഈ ക്ഷണം, ഈ തബ്‌ലീഗ് മറ്റുആളുകളിലും മറ്റു മതവിശ്വാസികളിലും ചെയ്യുക. ഇസ്ലാമിലുള്ളവർക്കും ചെയ്യുക. ദീനിൽ ഇസ്ലാമുമായി അവർ കൂടുതൽ അടുത്തിട്ടില്ലാത്തവരാണവർ. അവരെ അല്ലാഹുവിലേക്ക് ആകർഷിക്കുക, അവർക്ക് നേർപാതകാട്ടികൊടുക്കുക. അങ്ങനെ നിങ്ങൾക്ക്, അല്ലാഹു നിങ്ങളോടൊപ്പമുണ്ടെന്ന്, നിങ്ങൾക്ക് മനസ്സിലാകും. ഈ അതിമഹത്തായ ജോലിയിൽ അല്ലാഹു(ത) നിങ്ങളോടൊപ്പമുണ്ടായിരിക്കട്ടെ! അല്ലാഹു(ത) ഈ ജോലിയിൽ നിങ്ങളെ സഹായിക്കട്ടെ. എല്ലായ്പ്പോഴും ആത്മാർത്ഥതയോടെ നിലകൊള്ളുക. അല്ലാഹുവിനോട് നിങ്ങൾ നിഷ്കളങ്കമായ നിലയിൽ ചേർന്ന് നില്ക്കുക. അതുപോലെ ഖലീഫത്തുല്ലാഹ്‌യോടും। നിഷ്കളങ്കമായ നിലയിൽ ചേർന്നു നില്ക്കുക. ഇൻശാ അല്ലാഹ് ! ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*